**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ വസ്തുക്കളിൽ വ്യാപകമായ തോതിൽ നിരോധിത നിറങ്ങൾ, കീടനാശിനികൾ, പ്രിസർവേറ്റീവുകൾ, മാലിന്യങ്ങൾ എന്നിവ ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യവസ്തുക്കളിൽ നിരോധിത നിറങ്ങൾ, കീടനാശിനികൾ, പ്രിസർവേറ്റീവ്സ്, **contaminants** എന്നിവ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **Baked products, cake, pastry, snacks, savouries** എന്നിവയിൽ നിരോധിത നിറങ്ങൾ, പ്രിസർവേറ്റീവ്സ് എന്നിവ കണ്ടെത്തിയിട്ടുണ്ട്. **Spices, Spices products** എന്നിവയിൽ **maximum residue limit** നേക്കാൾ അധികമായി കീടനാശിനികൾ കണ്ടെത്തിയിട്ടുണ്ട്. നിരോധിത നിറങ്ങൾ, പ്രിസർവേറ്റീവ്സ്, കീടനാശിനികൾ, മാലിന്യങ്ങൾ എന്നിവ കണ്ടെത്തിയിട്ടുള്ള ഭക്ഷ്യവസ്തുക്കളെ '**unsafe**' എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. അത്തരം ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദകർ, വിതരണക്കാർ, വിൽപ്പനക്കാർ എന്നിവർക്കെതിരെ നിയമം അനുശാസിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ; | (ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് ഈ വിഷയത്തിൽ പഠനം നടത്തിയിട്ടില്ല. |
| (സി) | ഭക്ഷ്യ വസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മായം ചേർത്തിട്ടുള്ള ഭക്ഷ്യവസ്തുക്കൾ '**unsafe**' എന്ന കാറ്റഗറിയിൽ വരുന്നവയാണ്. **unsafe** ഭക്ഷ്യവസ്തുക്കൾക്ക് എതിരെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് **2006** സെക്ഷൻ **59** ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ